പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3655 — 14/03/2017-ൽ മറുപടിക്ക്

# മൾട്ടി ഡിസിപ്ലിനറി ട്യൂമർ ബോർഡ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ,<br>ശ്രീ.ജി.എസ്.ജയലാൽ,<br>ശ്രീ.വി.ആർ. സുനിൽ കുമാർ,<br>ശ്രീമതി സി.കെ. ആശ | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | തിരുവനന്തപുരം റീജണൽ കാൻസർ സെന്ററിൽ മൾട്ടി ഡിസിപ്ലിനറി ട്യൂമർ ബോർഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) | പ്രസ്തുത ബോർഡിന്റെ ഘടന എങ്ങനെയായിരിക്കുമെന്നും ബോർഡിന്റെ ചുമതലകൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ; | ബി) | ക്യാൻസർ ചികിത്സയ്ക്ക് പ്രധാനമായും റേഡിയേഷൻ ഓങ്കോളജിസ്റ്റ്, മെഡിക്കൽ ഓങ്കോളജിസ്റ്റ്, സർജിക്കൽ ഓങ്കോളജിസ്റ്റ് എന്നീ ക്യാൻസർ വിദഗ്ധരുടെ സേവനം ആവശ്യമുണ്ട്. ഈ മൂന്ന് ചികിത്സാ രീതികളെയും സമന്വയിപ്പിച്ചുകൊണ്ടാണ് ലോകോത്തര ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളിൽ ചികിത്സ നടത്തുന്നത്. ടാറ്റാ മെമ്മോറിയൽ സെന്റർ, ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, മലബാർ ക്യാൻസർ സെന്റർ തുടങ്ങിയ മേജർ ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളിൽ ഈ സംയോജിത ചികിത്സാ രീതിയാണ് അനുവർത്തിച്ചു പോരുന്നത്. രോഗികളുടെ ഉത്തമ താൽപ്പര്യം മുൻനിർത്തിയാണ് ഈ രീതി നടപ്പിലാക്കുന്നത്. ആർ.സി.സിയിലും വ്യത്യസ്ത ചികിത്സാ വിഭാഗങ്ങളിലൂടെ ഈ മൂന്ന് വിദഗ്ധരുടെയും സേവനം രോഗികൾക്കു ലഭ്യമാക്കിയിരുന്നു. എന്നാൽ ഈ മൂന്ന് വിഭാഗങ്ങളിലെയും വിദഗ്ധരെ ഒരേ ക്ലീനിക്കിൽ തന്നെ ലഭ്യമാക്കിക്കൊണ്ട് 2017 ജനുവരി മാസം രണ്ടാം തീയതി മുതൽ മൾട്ടി ഡിസിപ്ലിനറി ട്യൂമർ ബോർഡ് ആർ.സി.സിയിൽ രൂപീകരിച്ചുകൊണ്ട് ഉത്തരവായി. ഇതു വഴി ഓരോ ക്യാൻസർ രോഗത്തിനുമുള്ള സമഗ്ര ചികിത്സ രോഗികൾക്ക് ലഭ്യമാക്കുവാനും അതുവഴി ചികിത്സാ ഗുണനിലവാരം ഉയർത്തുവാനും സാധിക്കും.<br>പുതുതായി എത്തുന്ന രോഗികൾക്ക് ചികിത്സ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നത് മൾട്ടി ഡിസിപ്ലിനറി ട്യൂമർ ബോർഡാണ്. എന്നാൽ ഈ ബോർഡ് കൈക്കൊള്ളുന്ന തീരുമാനത്തിൽ എന്തെങ്കിലും ആക്ഷേപം ഉള്ള പക്ഷം ഇതിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിന് മെഡിക്കൽ ഓങ്കോളജി, പീഡിയാട്രിക് ഓങ്കോളജി, റേഡിയേഷൻ ഓങ്കോളജി, ന്യൂക്ലിയർ മെഡിസിൻ എന്നീ വകുപ്പുമേധാവികളെ കാതൽ അംഗങ്ങളാക്കി (Core Members) ഒരു കമ്മറ്റി |

| | | | |
|---|---|---|---|
| | | | രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മറ്റിയുടെ മീറ്റിംഗുകളിൽ ഓരോ വിഭാഗത്തിലെയും മുതിർന്ന ഫാക്കൽട്ടികളെയും ക്ഷണിക്കാറുണ്ട്. ഈ കമ്മറ്റിയുടെ തീരുമാനം അന്തിമമായിരിക്കും. ആർ.സി.സി 2/1/2017, 14/02/2017 എന്നീ തീയതികളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളനുസരിച്ചാണ് പ്രസ്തുത ബോർഡിന്റെ ഘടനയും ചുമതലകളും വ്യക്തമാക്കിയിരിക്കുന്നത്. |
| സി) | ബോർഡ് നിലവിൽ വന്നാൽ കീമോ തെറാപ്പി ചികിത്സ നടത്തുന്നത് മെഡിക്കൽ ഓങ്കോളജിസ്റ്റുകൾക്ക് മാത്രമായി പരിമിതപ്പെടുത്തുമോ എന്ന് വ്യക്തമാക്കാമോ? | സി) | ഇല്ല. |

സെക്ഷൻ ഓഫീസർ